# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 506
# 05.06.2018 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ടിൽ നിന്നും സ്കൂൾ ബസ് വാങ്ങുന്നതിനുള്ള നടപടിക്രമം

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം എൽ.എ യുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്കൂൾ ബസ് വാങ്ങുന്നതിന് ടെൻഡർ നടപടി ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിന് അനുമതി നൽകിയത് 09/12/2016 ലെ സ.ഉ(പി) നം.178/2016 ധന. പ്രകാരമാണ്. വാഹനം വാങ്ങുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം സ്കൂൾ ബസ് വാങ്ങേണ്ടതെന്ന് പ്രസ്തുത ഉത്തരവ് നിഷ്കർഷിച്ചിട്ടുണ്ട്. വാഹനം വാങ്ങുന്നതിനുള്ള സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇതിനായുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടത്. ആയതിനാൽ ടെണ്ടർ നടപടി ക്രമങ്ങൾ ഇക്കാര്യത്തിൽ പാലിക്കേണ്ടതുണ്ട്. |
| (ബി) | സ്കൂൾ ബസ് വാങ്ങുമ്പോൾ ടെൻഡർ നടപടി ആവശ്യമാണ് എന്നതിന് സർക്കാർ ഉത്തരവ് നിലവിൽ ഉണ്ടോ; എങ്കിൽ ഉത്തരവ് ഏത് വർഷത്തിലാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ; | |
| (സി) | ബസ് വാങ്ങുന്നതിന് ടെൻഡർ നടപടി ആവശ്യമില്ല എങ്കിൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ; | ബാധകമല്ല. |
| (ഡി) | സ്കൂൾ ബസ് വാങ്ങുന്നതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | സ്കൂൾ ബസ് വാങ്ങുന്നതുമായി ബന്ധപ്പെട്ട് പരാതിയായും സ്പഷ്ടീകരണം തേടിയും 5 കത്തുകൾ ധനകാര്യ (നോഡൽ സെന്റർ) വകുപ്പിൽ ഈ വർഷം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ